DESPATCHED
On..13/8/21.....



6/8/21

## സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം_695 001

Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.542(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.5261/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 ആഗസ്റ്റ് 6**

Sri. Jishanth K.C.,
Kuzhichalil House,
Nochad P.O., Naduvannoor (via)
Kozhikode – 673 614.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   അണ്ടർ സെക്രട്ടറി,
   സഹകരണ (ബി) വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

2. അപ്പീൽ അധികാരി & അഡീഷണൽ സെക്രട്ടറി,
   സഹകരണ (ബി) വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 13/02/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 16/03/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 22/03/2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 31/03/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 15/04/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 22/04/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17/06/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 09/07/2021 |
| ഹിയറിംഗ് നടന്ന തീയതി | 06/08/2021 –വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ജോയിന്റ് സെക്രട്ടറി ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ജിഷാന്ത് കെ.സി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ 13.2.2021–ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ലഭ്യമാക്കിയിട്ടുള്ള മറുപടി അപൂർണ്ണവും മന:പ്പൂർവ്വം വസ്തുതകൾ മറച്ചു

വച്ചുകൊണ്ടുള്ളതുമാണെന്നും ആയതിനെതിരെ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ആയതിന് യാതൊരു പരിഗണന നൽകാതെയും ഉന്നയിച്ചിരുന്ന ആക്ഷേപങ്ങളിൽ വ്യക്തമായ പരാമർശങ്ങൾ നൽകാതെയും അപ്പീൽ പൂർണ്ണമായി തള്ളി തീർപ്പാക്കുകയാണ് അപ്പീൽ അധികാരി ചെയ്തിട്ടുള്ളതെന്നും ടിയാന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ/പകർപ്പുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി ഉണ്ടാകണമെന്നും കൂടാതെ അപൂർണ്ണമായ വിവരങ്ങൾ നൽകിയും മന:പ്പൂർവ്വം വസ്തുതകൾ മറച്ചുവച്ചും വിവരം ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുമുള്ള ബന്ധപ്പെട്ട അധികാരികൾക്കെതിരെ വിവരാവകാശ നിയമം 20(1), (2)വകുപ്പുകൾ പ്രകാരമുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. സംസ്ഥാന സഹകരണ ബാങ്കിലെ ദിവസവേതന/കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി ബാങ്ക് സി.ഇ.ഒ., ഗവൺമെന്റ് സെക്രട്ടറിക്ക് (സഹകരണം) സമർപ്പിച്ച കത്തിന്റെ (letter No. KSCB/HR/4047/2020/20 Dated 05.02.2021) പൂർണ്ണ വിവര പകർപ്പ് ലഭ്യമാക്കണമെന്നും

ii. മേൽപ്പടി കത്തിൻമേൽ സഹകരണ വകുപ്പ് സെക്രട്ടറി തീരുമാനമെടുത്ത്, 9.2.2021-ന് വിശദീകരണ മറുപടി സംസ്ഥാന സഹകരണ ബാങ്കിന്റെ സി.ഇ.ഒ.യ്ക്ക് നൽകിയതിനുശേഷം, സംസ്ഥാന സഹകരണ ബാങ്കിലെ ദിവസവേതന/കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി വീണ്ടും അപേക്ഷ സഹകരണ വകുപ്പ് സെക്രട്ടറിയ്ക്ക് ലഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ പൂർണ്ണ വിവര പകർപ്പ് ലഭ്യമാക്കണമെന്നും

iii. സഹകരണ വകുപ്പ് ഗവൺമെന്റ് സെക്രട്ടറിയുടെ ഓഫീസിലെ ഫയൽ No. Co-opB4/1/2021-Co-op ന്റെ നോട്ട് ഫയൽ, കറന്റ് ഫയൽ എന്നിവ ഉൾപ്പെടെയുള്ള പൂർണ്ണ വിവ്വര പകർപ്പ് ലഭ്യമാക്കണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 16.3.2021 -ന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാന്റെ അപേക്ഷയിലെ 1, 3 എന്നീ ചോദ്യത്തിൽ ഉൾപ്പെട്ട B4/1/2021-Co-op നമ്പർ ഫയലിൽ കൈകാര്യം ചെയ്തു വരുന്ന കേരള സംസ്ഥാന സഹകരണ ബാങ്ക് സി.ഇ.ഒ.യുടെ 5.2.2021-ലെ KSCB/HR/4047/2020-21 കത്തിലെ വിഷയം സംബന്ധിച്ച് കോടതിയിൽ കേസുകൾ നിലവിലുള്ളതിനാൽ വിവരാവകാശ നിയമം 8(1)(ബി) പ്രകാരം കത്തിന്റെയും ഫയലിന്റെയും പകർപ്പ്

ലഭ്യമാക്കാൻ നിർവ്വാഹമില്ല എന്നും, കോടതിയുടെ അന്തിമ വിധിക്കുശേഷമേ വിവരം ലഭ്യമാക്കുവാൻ സാധിക്കുകയുള്ളു എന്നും 2-ാം ചോദ്യത്തിന് നിലവിൽ ലഭ്യമായിട്ടില്ല എന്നുമാണ്.

3. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, എസ്.പി.ഐ.ഒ. നൽകിയ മറുപടി അപൂർണ്ണവും മന:പൂർവ്വം രേഖകൾ മറച്ചുവെയ്ക്കുന്നതുമാണെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം എസ്.പി.ഐ.ഒ.ക്ക് നൽകണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, Co-opB4/1/2021-Co-op എന്ന ഫയൽ സംസ്ഥാന സഹകരണ ബാങ്കിലെ വിവിധ തസ്തികകളിൽ കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ സംബന്ധിച്ചുള്ളതാണെന്നും ടി വിഷയം സർക്കാർ പരിഗണനയിലാണെന്നും കെ.എസ്.സി.ബി.യിൽ നിന്നും വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണെന്നും പ്രോസസ് ചെയ്യുന്ന ഒരു ഫയലിലെ വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകുന്നതിന് കഴിയില്ലെന്നുമാണ്.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, സംസ്ഥാന സഹകരണ ബാങ്കിലെ ദിസവവേതന/കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി കേരള സംസ്ഥാന സഹകരണ ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സഹകരണ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച കത്തിന്റെയും, സഹകരണ വകുപ്പ് ഗവൺമെന്റ് സെക്രട്ടറിയുടെ ഓഫീസിലെ Co-opB4/1/2021-Co-op ഫയലിന്റെയും പകർപ്പുകൾ നൽകണമെന്നും, സംസ്ഥാന സഹകരണ ബാങ്കിലെ ദിവസവേതന/കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി വീണ്ടും അപേക്ഷ സഹകരണ വകുപ്പ് സെക്രട്ടറിയ്ക്ക് ലഭിച്ചിട്ടുണ്ടോ എന്നുമുള്ള വിവരങ്ങളുമാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നതെന്നും, കേരള സംസ്ഥാന സഹകരണ ബാങ്ക് സി.ഇ.ഒ.യുടെ 5.2.2021-ലെ കത്തിലെ വിഷയം സംബന്ധിച്ച് കോടതിയിൽ കേസുകൾ നിലവിലുള്ളതിനാൽ വിവരാവകാശ നിയമം 8(1)(ബി) പ്രകാരം കത്തിന്റെയും ഫയലിന്റെയും പകർപ്പ് നൽകാൻ നിർവ്വാഹമില്ലെന്നും കോടതിയുടെ അന്തിമ വിധിക്കു ശേഷമേ വിവരം ലഭ്യമാക്കുവാൻ സാധിക്കുകയുള്ളു എന്നും അറിയിച്ചിട്ടുള്ളതാണെന്നും തുടർന്ന് ടിയാൻ 30.03.2021-ൽ ടി വകുപ്പിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും Co-opB4/1/2021-Co-op എന്ന ഫയൽ സംസ്ഥാന

സഹകരണ ബാങ്കിലെ വിവിധ തസ്തികകളിൽ കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ സംബന്ധിച്ചുള്ളതാണെന്നും ടി വിഷയം ഗവൺമെന്റ് പരിഗണനയിലാണെന്നും ഈ വിഷയത്തിൽ കെ.എസ്.സി.ബി.യിൽ നിന്നു വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണെന്നും പ്രോസസ് ചെയ്യുന്ന ഒരു ഫയലിലെ വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകുന്നതിന് കഴിയില്ലെന്നും കൂടാതെ ടി വിഷയത്തിൽ ബഹു. ഹൈക്കോടതിയിൽ ഒരു കേസ് പെൻഡിംഗ് ആണെന്നും ആയതിനാൽ വിവരങ്ങൾ ഇപ്പോൾ ലഭ്യമാക്കാൻ കഴിയില്ലെന്ന വിവരാവകാശ ഓഫീസറുടെ നിലപാട് നിയമപരമെന്ന നിഗമനത്തിൽ അപ്പീൽ തീർപ്പാക്കി എന്നും താത്ക്കാലിക ജീവനക്കാരുടെ സർവ്വീസ് ക്രമീകരിക്കുന്ന വിഷയത്തിൽ സമർപ്പിച്ച റിപ്പോർട്ടിന്മേൽ വിശദീകരണം കേരള സംസ്ഥാന സഹകരണ ബാങ്കിനോട് ആവശ്യപ്പെട്ടിരിക്കുകയാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ കൺസൾട്ടേഷൻ, ഇവേലുവേഷൻ എന്നിവ നടത്തി മാത്രമെ ടി വിഷയത്തിൽ അന്തിമ തീരുമാനം എടുക്കാനാകുവെന്നും ടി വിഷയത്തിൽ ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്റെ വിധി പരിഗണിക്കേണ്ടതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നത് സഹകരണ (ബി) വകുപ്പിലെ Co-opB4/1/2021-Co-op എന്ന ഫയലിലെ വിവരങ്ങൾ ആണെന്ന് കാണുന്നു. ആയത് ഔദ്യോഗിക രേഖയായതിനാലും ആയതിന്റെ പകർപ്പ് നൽകരുതെന്ന് കോടതി ഉത്തരവുകളൊന്നും നിലവിലില്ലാത്തതിനാലും പ്രസ്തുത രേഖകൾ നൽകുന്നത് കോടതിയലക്ഷ്യമാകില്ലെന്ന് കമ്മീഷന് ബോധ്യമാകുന്നു. കൂടാതെ പ്രോസസ് ചെയ്യുന്ന ഒരു ഫയലിലെ വിവരം നൽകുവാൻ കഴിയില്ലെന്ന എതിർകക്ഷികളുടെ വാദം അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് സൗജന്യമായി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ആഗസ്റ്റ് 6–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION · KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us